**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 219** | **28/01/2019-ൽ മറുപടിക്ക്**

# ഇതര സംസ്ഥാന തൊഴിലാളികൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | തൊഴിൽ അന്വേഷിച്ച് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ഏറ്റവും മലിനമായ ചുറ്റുപാടുകളിൽ കഴിയേണ്ടി വരുന്ന എന്നതും ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്ന എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ഉണ്ട്. |
| **ബി)** | ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ കർശനമായി പരിശോധിക്കുന്നതിനും ഇത്തരം വാസസ്ഥലങ്ങൾ തൊഴിലാളികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോധ്യപ്പെട്ടാൽ കെട്ടിട ഉടമകളുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുന്നതിനും സാധിക്കുമോ ; | **ബി)** | നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങൾ പ്രകാരം അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും തൊഴിൽ /തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി സംയുക്തമായും പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ആരോഗ്യവകുപ്പ് ചില ദിവസങ്ങളിൽ സംസ്ഥാന വ്യാപകമായി ഹെൽത്തികേരള കാമ്പയിനായും അതല്ലാതെ പ്രാദേശികാടിസ്ഥാനത്തിലും പരിശോധനകൾ നടത്തിവരുന്നു. പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയാൽ നോട്ടീസ് നൽകുകയും ആവശ്യമെങ്കിൽ പിഴ ഈടാക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യാവുന്നതാണ്. |
| **സി)** | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | **സി)** | അതിഥി സംസ്ഥാന തൊഴിലാളികളുടെ വാസ/ജോലി സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ മൊബൈൽ ടീമും, പി.എച്ച്.സി.ടീമും, മലമ്പനി, മന്ത്, ത്വക്ക് രോഗങ്ങൾ, കുഷ്ഠരോഗം മുതലായ രോഗങ്ങൾ കണ്ടെത്തുവാനുള്ള പരിശോധനകൾ നടത്തുകയും, പകർച്ച വ്യാധികൾ കണ്ടെത്തിയാൽ ചികിത്സ സൗജന്യമായി നൽകി വരികയും ചെയ്യുന്നുണ്ട്. കൂടാതെ അവരുടെ ഭാഷയിൽ തന്നെ ബോധവത്കരണവും നൽകി വരുന്നു. എലിപ്പനിയ്ക്ക് ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ